# മെൽബൺ സെയ്ൻറ് ഗ്രീഗോറിയോസ് ഓർത്തഡോക്സ് ചാപ്പലിൽ പരിശുദ്ധ പരുമല തിരുമേനിയുടെ പെരുന്നാൾ



ഓസ്ട്രേലിയ: മെൽബൺ സെയ്ൻറ് മേരീസ് ഇൻഡ്യൻ ഓർത്തഡോക്സ് കത്തിഡ്രലിൽ പരിശുദ്ധ പരുമല തിരുമേനിയുടെ പെരുന്നാളിന് കൊടിയേറ്റി. ക്ലേറ്റൺ സെയ്ൻറ് ഗ്രീഗോറിയോസ് ഇൻഡ്യൻ ഓർത്തഡോക്സ് ചാപ്പലിൽ ഒക്ടോബർ 28–ം തീയതി ഇടവക വികാരി റവ. ഫാ. പ്രദീപ് പൊന്നച്ചൻ പ്രാർത്ഥനയോടെ പെരുന്നാൾ കൊടിയേറ്റ് കർമ്മം നിർവ്വഹിച്ചു.

കോബർഗ് സെയ്ൻറ് മേരീസ് ഇൻഡ്യൻ ഓർത്തഡോക്സ് കത്തിഡ്രലിലും, ക്ലേറ്റൻ സെയ്ൻറ് ഗ്രീഗോറിയോസ് ഇൻഡ്യൻ ഓർത്തഡോക്സ് ചാപ്പലിലും നവംബർ 1–ം തീയതി വൈകിട്ട് 6.30 ന് നമസ്ക്കരവും തുടർന്ന് വിശുദ്ധ കുർബ്ബാനയും ഉണ്ടായിരിക്കുന്നതാണ്. നവംബർ 2–ം തീയതി വെള്ളിയാഴ്ച വൈകിട്ട് 6.30 ന് സമർപ്പണ പ്രാർത്ഥന, 7.30 ന് സന്ധ്യാ നമസ്ക്കാരം തുടർന്ന് മധ്യസ്ഥ പ്രാർത്ഥന എന്നിവ കത്തീഡ്രൽ പള്ളിയിൽ നടത്തപ്പെടും. നവംബർ 3–ം തീയതി ശനിയാഴ്ച്ച രാവിലെ 8.30ന് പ്രഭാത നമസ്ക്കാരവും തുടർന്ന് വിശുദ്ധ കുർബ്ബാനയും കത്തിഡ്രലിൽ ഉണ്ടായിരിക്കുന്നതാണ്.

പരിശുദ്ധ പരുമല തിരുമേനിയുടെ തിരുശേഷിപ്പ് പ്രതിഷ്ഠിച്ചിട്ടുള്ള വിക്ടോറിയായിലെ ഏക ദേവലയമായ, ക്ലേറ്റൻ സെയ്ൻറ് ഗ്രീഗോറിയോസ് ഇൻഡ്യൻ ഓർത്തഡോക്സ് ചാപ്പലിൽ വച്ച് പ്രധാന പെരുന്നാൾ 3, 4 തീയതികളിൽ നടത്തപ്പെടും. 3–ം തീയതി വൈകുന്നേരം 6 മണിക്ക് സന്ധ്യാനമസ്ക്കാരം, തിരുവചന ധ്യാനം, പെരുന്നാൾ പ്രതിക്ഷണം, നേർച്ച വിളമ്പ് മുതലായവ ഉണ്ടായിരിക്കുന്നതാണ്. 4–ം തീയതി ഞായറാഴ്ച രാവിലെ 7.45ന് പ്രഭാതനമസ്ക്കരവും തുടർന്ന് വി.കുർബ്ബനയും പെരുന്നാൾ ശുശ്രൂഷകളും നടത്തെപ്പെടും. പെരുന്നാൾ പ്രതിക്ഷണം സമാപിക്കുമ്പോൾ നേർച്ച വിളമ്പും തുടർന്ന് 11 മണിയോടെ ആദ്യഫലപ്പെരുന്നാളും ഉണ്ടായിരിക്കുന്നതാണ്. മെൽബണിൻെറ വിവിധ ഭാഗങ്ങളിൽ നിന്നും നൂറുകണക്കിനാളുകൾ കാൽനടയായും അല്ലാതെയും പെരുന്നാളിൽ സംബന്ധിക്കുവാനായി കടന്നുവരും. അന്നേ ദിവസം കത്തിഡ്രൽ പള്ളിയിൽ വിശുദ്ധ കുർബ്ബാന രാവിലെ 6.30ന് പ്രഭാത നമസ്ക്കാരത്തെ തുടർന്ന് ആരംഭിക്കുന്നതാണ്. ഇടവക വികാരി റവ ഫാ. പ്രദീപ് പൊന്നച്ചൻ, സഹ വികാരി റവ ഫാ. സജു ഉണ്ണൂണ്ണി ഇടവക മാനേജിംഗ് കമ്മിറ്റി എന്നിവരുടെ നേതൃത്വത്തിൽ പെരുന്നാൾ ക്രമീകരണങ്ങൾ പൂർത്തികരിച്ചു വരുന്നു.